**മനുഷ്യന്റെ എല്ലാത്തരം ആർത്തികൾക്കും
സ്വാർത്ഥകൾക്കും നേരെ
അലയൊടുങ്ങാത്ത ചിരി ചിരിച്ച
നാറാണത്ത് ഭ്രാന്തന്റെ
രായിരനെല്ലൂർ മലയും വികസനത്തിന്റെ
ഉരുക്കു നഖപ്പാടുകളാൽ
പൊടിയുന്നതിന്റെ വേദന പങ്കുവയ്ക്കുന്നു**

**സി. രാജഗോപാലൻ**

# അവസാനത്തെ കല്ല്

**നെഞ്ചിൽ** ആഴത്തിലുള്ള വെട്ടേറ്റു മുറിഞ്ഞതിന്റെ പ്രാണവേദനയോടെ ഞടുങ്ങി നിൽക്കുന്നു രായിരനല്ലൂർ മല. കട്ട പിടിച്ച ചോര പോലെ ചുവന്ന മണ്ണ്... ഉരുക്കു നഖങ്ങൾ മാന്തിപ്പിളർന്ന മലയുടെ മുറിവുകളിൽ നോക്കി നിൽക്കുമ്പോൾ ഉൾഭയം വളരുകയാണ്... ആർത്തിയുടെ ജെ.സി.ബി കരങ്ങൾ ഒരു കുന്നും, ഒരു പുഴയും, ഒരു വയലും ബാക്കി വെയ്ക്കില്ലേ....!

പറയിപെറ്റ പന്തിരുകുലത്തിലെ നാറാണത്തു ഭ്രാന്തൻ കല്ലുരുട്ടി കീഴ്പോട്ടിട്ട ശേഷം ചിരിച്ച ചിരയിൽ നിന്നും മലയാള നാട് ഉപനിഷദ് സാര സർവ്വം ഗ്രഹിച്ചത് ഈ മലമുകളിൽ നിന്നാണ്. ഓർമ്മകളിൽ ഒരു ഹരിത സ്വപ്നം പോലെ എഴുന്നു നിൽക്കുന്നു രായിരനല്ലൂർ മല. കുട്ടിക്കാലത്തെ ഏറ്റവും വലിയ ആഹ്ലാദങ്ങളിലൊന്നായിരുന്നു രായിരനല്ലൂർ മല കയറ്റം. തുലമാസം ഒന്നാം തിയതിയ്യതിയിലെ മലകയറ്റത്തിനു പിന്നിൽ ഭാവനാ പൂർണ്ണമായ ഒരൈതീഹ്യ കഥയുണ്ട്. പണ്ടുപണ്ടൊരു നാൾ കല്ലുരുട്ടിക്കയറ്റി ക്ഷീണിച്ച ഭ്രാന്തൻ മല നെറുകീലെ ആൽമരത്തണലിൽമയങ്ങുകയായിരുന്നു. മറ്റൊരാളും അവിടെങ്ങുമില്ല. അന്നേരം ഒരു നേർത്ത പാദസരക്കിലുക്കം കേട്ട് ഭ്രാന്തൻ കണ്ണു തുറന്നു നോക്കി. ആൽ മരക്കൊമ്പിൽ നിന്നും ഞാന്നു കിടക്കുന്ന കാട്ടു വള്ളിയിലിരുന്ന് അങ്ങനെ ഊഞ്ഞാലാടുന്നു ഒരു പെൺകൊടി. ഇടി മിന്നലു പോലുള്ള ആ സുന്ദരിയെക്കണ്ട് ഭ്രാന്തൻ അവൾക്കരികിലേയ്ക്കു ചെന്നു. മെല്ലെ ഒന്നു തൊടാനാഞ്ഞതും ഒരു പുഞ്ചിരിയോടെ അവൾ മറഞ്ഞു. ഭ്രാന്തന് ദർശന ഭാഗ്യം നൽകാനെത്തിയ സാക്ഷാൽ വന ദുർഗ്ഗയായിരുന്നത്രെ അവൾ. ഒരു തുലാ സംക്രമപ്പകർച്ചയിലായിരുന്നു ഭ്രാന്തന്റെ ആ ദിവ്യദർശനം. അന്നുമുതൽ തുലാം ഒന്നിന് മല കയറുന്നത് നാടിന്റെ പുണ്യമായി. താഴ്വാരങ്ങളിലുള്ളവർക്ക് തുലാം ഒന്നാം തിയതി 'മലേറ്റൊന്നാന്തന്തി' യായി.

ആണ്ടു മുഴുവൻ പച്ച പുതച്ച് ആളും അനക്കവുമില്ലാതെ നിലകൊണ്ട മലയിലേയ്ക്ക് തുലാ സംക്രമപ്പുലരിയിൽ പുരുഷാരം എറുമ്പിൻ ചാർത്തിനെപ്പോലെ വരിവെച്ചു കയറുന്നത് കൗതുകകാഴ്ചയാണ്. കുത്തനെയുള്ള കയറ്റമാണ് അഞ്ഞൂറടിയിലേറെ ഉയരമുള്ള മലയിലേക്ക്. പടിഞ്ഞാറെ ചെരുവിലൂടെ പുല്ലു പടർന്നു മൂടിയ

പുരാതനമായ കല്പടികളുണ്ടായിരുന്നു. വടക്കു തെക്കു വശങ്ങളിൽ വെട്ടിയ വഴിയൊന്നുമില്ലായിരുന്നു. എന്നിട്ടും ആ വശങ്ങളിലൂടെയും ആളുകൾ ആവേശത്തോടെ മല കയറി.

കയറാൻ വഴിയില്ലെന്ന്, കയറ്റം ദുർഘടമെന്ന് ആരും ഒരിയ്ക്കലും പറഞ്ഞില്ല. എന്നു തന്നെയല്ല. ഏറ്റവും വിഷമം പിടിച്ച തെക്കു ഭാഗത്തുകൂടെ കയറി പടിഞ്ഞാറു ഭാഗത്തെ (മസിലു പിടിയ്ക്കും വിധം കുത്തനെയുള്ള) ഇറക്കമിറങ്ങണം എന്ന് പഴമൊഴി. മരിച്ചു ചെന്നാൽ സ്വർഗ്ഗമോ നരകമോ എന്നി നിശ്ചയിക്കാൻ യമധർമ്മൻ ചോദിയ്ക്കുന്ന ചോദ്യങ്ങളിലൊന്ന് 'രായിരനല്ലൂർ മല കയറിയിട്ടുണ്ടോ? എന്നത്രെ! ഈ വിധത്തിൽ, കാഴ്ചയിൽ അഞ്ഞൂറടിയെങ്കിലും ഭയഭക്തി വിശ്വാസങ്ങളിൽ ഇഹലോകത്തു നിന്നും പരലോകങ്ങളിലേയ്ക്ക് വളർന്നു നിൽക്കുന്നു രായിരനല്ലൂർ മല.



ഓർമ്മ വെച്ച കാലം മുതൽ (അടുത്ത കാലം വരെ) ഒരു കൊല്ലം പോലും മുടങ്ങിയിട്ടില്ല ഒന്നാം തിയതിയ്ക്കുള്ള മല കയറ്റം. മുത്തശ്ശിയുടെ കൈയ്യിൽ തൂങ്ങി മല കയറുമ്പോൾ അവർ പറയാറുള്ളത് ഇപ്പോഴും ചെവിയിൽ മുഴങ്ങുന്നു. "രായിരനെല്ലൂർ മല പൊന്മലയാണ്. കയറുമ്പോൾ ആരേയും ഒന്നിനേയും ആശ്രയിക്കരുത്. സ്വന്തം കാൽമുട്ടിൽ കയ്യൂന്നുക പോലുമരുത്." "കടഞ്ഞു കയറിയാൽ സങ്കടമൊഴിയും." അതായിരുന്നു ആ തീർത്ഥാടനത്തിന്റെ ഫലശ്രുതി.

കയറ്റം കയറി ക്ഷീണിച്ച് മുകളിലെത്തിയാൽ വീശിത്തണുപ്പിച്ചു തലോടാൻ തണലിട്ടു പടർന്ന അരയാൽ മരങ്ങളുണ്ട്. അവയുടെ ചുവട്ടിലിത്തിരി നേരം നിന്നു കണ്ണടച്ചാൽ പഴങ്കഥകൾ പലതും ചെവിയിൽ മുഴങ്ങും. പറഞ്ഞു കേൾപ്പിയ്ക്കാനായി ആലിലച്ചില്ലകളിൽ മലക്കം മറിയുന്ന മലങ്കാറ്റുണ്ട്. കല്ലുരുട്ടിക്കയറ്റി കീഴ്പോട്ടു തള്ളിയിട്ട ഭ്രാന്തന്റെ ജീവിതം വിയർത്ത ചിരി മുഴുവനും കുടിച്ചു വറ്റിച്ച കാറ്റ്:

ആൽത്തണലും കടന്നു ചെന്നാൽ അമ്പലത്തിലേയ്ക്കു കയറാം. നന്നേ ചെറിയ ഒരു നാലമ്പലം. കെട്ടിടമായിട്ട് അതുമാത്രമേയുള്ളൂ. ശ്രീകോവിലിന്റെ സ്ഥാനത്ത് തുറസ്സാണ്. ആകാശത്തുനിന്നും പെയ്യുന്ന മഴയും വെയിലും, നഭശ്ചര വെളിച്ചങ്ങളൊക്കെയും തടവില്ലാതെ പെയ്തിറങ്ങണം എന്നത്ര വനദേവതയുടെ ഇംഗിതം.

ഗർഭ ഗൃഹത്തിന്റെ സ്ഥാനത്ത്, ഭൂമിയുടെ ആരംഭത്തോളം പഴക്കമുണ്ട് എന്നു തോന്നിപ്പിക്കുന്ന ഒരു ചെങ്കുല്ലുയിർപ്പ് അതിലങ്ങിങ്ങായി ആനക്കാലോളം വട്ടത്തിലുള്ള ഇളുമ്പുകളിൽ കണ്ണാടിത്തെളിമയുള്ള വെള്ളം ഒരിയ്ക്കലും വറ്റാറില്ലെന്നാണ് കേൾവി. ഇവിടെ ദേവജലരൂപയാണ്. മലയുടെ നെഞ്ചകം മുഴുവൻ ശുദ്ധജലം നിറഞ്ഞു നിൽക്കുന്നതുപോലെയാണ്. മലയ്ക്കു കയറുന്ന വഴിയിലുള്ള കിണറുകളിലും ശുദ്ധജലം സമൃദ്ധമാണ്.

തുലാം ഒന്നിന് മലകയറിച്ചെല്ലുന്നവർ ദേവിയ്ക്കുള്ള ജലസമർപ്പണമായി ഇളനീർ വീഴ്ത്തും. ചിലർ പ്രാർത്ഥന നിറവേറാൻ ഉരുളിയും കിണ്ടിയും കമഴ്ത്തും. ജല രൂപയായ ദേവതാ സങ്കല്പത്തെ വലംവെച്ചു തൊഴുത് നമസ്കരിയ്ക്കും. മല നെറുകിലെ ശുദ്ധമായ കാറ്റും വെളിച്ചവും വെള്ളവും വനദേവതയുടെ പ്രസാദമായി ഉൾക്കൊള്ളും.

പിന്നെ മലനെറുകിലൂടെ നടന്ന് ചുറ്റോടു ചുറ്റുമുള്ള കാഴ്ചകൾ കാണും. രണ്ടേക്കറിലേറെ വിസ്തീർണ്ണം തോന്നിയ്ക്കുന്ന മുകൾപ്പരപ്പിൽ നിന്നു നോക്കിയാൽ താഴ്വരയിലെ ദൃശ്യങ്ങൾ മനോഹരമാണ്. ചിരട്ട കമഴ്ത്തിയതു പോലുള്ള ചെറു കുന്നുകൾ കൊമ്പനാനയെപ്പോലെ ഒറ്റ തീരത്ത് എഴുന്നു നിൽക്കുന്ന കരിമ്പാറകൾ. അവയ്ക്കു ചുറ്റിലും തുലാപ്പച്ച പടർന്ന സമതലങ്ങൾ. നിരയൊപ്പിച്ചു നട്ട നെൽപ്പാടങ്ങൾ. അവയെ കണ്ടങ്ങളാക്കി തിരിയ്ക്കുന്ന ചളി പൂശി മിനുക്കിയ പാടവരമ്പുകൾ. തൈക്കൂട്ടങ്ങൾ കര നെയ്യുന്ന കൈത്തോടുകൾ. കണ്ണോട്ടത്തിന്റെ അറ്റങ്ങളിൽ, ചെമ്പ്രയിലും തിരുവേഗപ്പുറയിലും നെടുങ്ങോട്ടൂരും വളവു തിരിഞ്ഞു മറയുന്ന പുഴയുടെ മിന്നായിക്കാഴ്ചകൾ. ഉയരെ നിന്നു നോക്കുമ്പോൾ താഴെക്കാണുന്ന വീടുകളും വാഹനങ്ങളും കളിപ്പാട്ടങ്ങൾ പോലെ. എല്ലാം ചിത്രത്തിലെഴുതിയ പോലെ!

ഏത് ഉരുകിത്തിളയ്ക്കുന്ന താപത്തേയും ഇളനീരിനെപ്പോലെ കുളിർന്നതാക്കുന്ന യോഗാത്മകത്വമായിരുന്നു നാറാണത്തിന്റെ ഭ്രാന്ത് എന്ന് അപ്പോൾ നാം ആത്മാവിലറിയുന്നു.

മനുഷ്യന്റെ എല്ലാത്തരം ആർത്തികൾക്കും സ്വാർത്ഥമായ അതിരുകൾക്കും കരുതലുകൾക്കും നേരെ അലയൊടുങ്ങാത്ത ചിരി ചിരിച്ചയാളാണ് നാറാത്ത്. ആ ചിരി ഒരു കണ്ണാടി പോലെ പ്രതിഫലിപ്പിച്ചതത്രയും ചുറ്റുപാടുമുള്ള മനുഷ്യ സമൂഹത്തിന്റെ ഭ്രാന്തുകളെയായിരുന്നു. കാലം മാറുന്നതനുസരിച്ച് പരിണമിക്കുന്ന സമൂഹത്തിന്റെ ഭ്രാന്തുകളെ എക്കാലവും മങ്ങാതെ പ്രതിഫലിപ്പിക്കുന്ന സൂക്ഷ്മ കാചമായി നിലകൊള്ളുന്നു (നിലകൊള്ളേണ്ടതാണ്) രായിരനെല്ലൂർ മല. ഭൂമിയുടെ കരളുമാന്തുന്ന യന്ത്രപ്പിശാചായി മനുഷ്യൻ സ്വയം മാറുന്ന ഈ 'വികസന കാലത്ത്' അവന്റെ ഉരുക്കു നഖപ്പാടുകളിൽ ഈ മലയും പൊടിഞ്ഞു തുടങ്ങുമ്പോൾ, ഭ്രാന്തന്റെ ചിരഞ്ജീവമായ ചിരി ഏറ്റവും ഉച്ചത്തിലാവുകയാണ്.

ജീവിതത്തെ നോക്കി നിർഭയമായി ചിരിക്കാൻ പഠിപ്പിച്ച ഉപനിഷദ് സത്യത്തിന്റെ ഗിരി ശീർഷങ്ങളെ ഭോഗാതുരമായ ആധുനിക കാലഭക്തി മാർഗ്ഗം വെട്ടിപ്പിളർത്തുമ്പോൾ, ഭൂമി കുലുക്കുന്ന ഒരു പൊട്ടിച്ചിരിയിൽ ഇളകി വീഴാനിരിയ്ക്കുന്ന അവസാനത്തെ കല്ലുകൾ വന്നു പതിക്കാൻ പോകുന്നത് സ്വന്തം ശിരസ്സിലേയ്ക്കു തന്നെയെന്ന് മനുഷ്യൻ എന്തേ മനസ്സിലാക്കാത്തത്?